## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രിത നിയമനം - കൊച്ചി നഗരസഭയിൽ കണ്ടിജന്റ് വർക്കർ ആയിരിക്കവെ മരണമടഞ്ഞ ശ്രീ. വെള്ളങ്കിരി പളനിയുടെ മകനായ ശ്രീ. മുരളീകൃഷ്ണൻ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവാകുന്നു.

.=====================================================================

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധ)നം. 2744/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 7.11.2013

=====================================================================

പരാമർശം:-
1) 24.5.1999-ലെ സ.ഉ.(പി) 712/99/P&ARD.
2) ശ്രീ. മുരളീകൃഷ്ണൻ ആശ്രിത നിയമനത്തിനായി 03.02.2010-ൽ സമർപ്പിച്ച അപേക്ഷ.
3) 20.3.2012-ലെ സ.ഉ.(സാധാ) നം.817/12/തസ്വഭവ.
4) ശ്രീമതി. നാഗലക്ഷ്മി വെള്ളങ്കിരി 24.08.2013-ന് സമർപ്പിച്ച നിവേദനം.

### ഉത്തരവ്

കൊച്ചി കോർപ്പറേഷനിൽ കണ്ടിജന്റ് വർക്കർ ആയി ജോലി നോക്കി വരവെ 19.5.2005-ൽ ശ്രീ.വെള്ളങ്കിരി പളനി മരണമടഞ്ഞതിനെ തുടർന്ന് ടിയാന്റെ മൂത്ത മകൻ ശ്രീ. വി. രമേശ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് തനിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആനുകൂല്യം വേണ്ട എന്നും തന്റെ അപേക്ഷ പിൻവലിച്ച് അനുജനായ ശ്രീ.മുരളീകൃഷ്ണന്നു ടി പദ്ധതി പ്രകാരം ജോലി നല്കണമെന്നും ശ്രീ. വി. രമേശ് അപേക്ഷിച്ചു. തുടർന്ന് ശ്രീ.മുരളീകൃഷ്ണൻ ആശ്രിത നിയമനത്തിനായി 30.2.2010-ൽ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചു. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിൽ 2 വർഷവും 9 മാസത്തെയും കാലതാമസം ഉണ്ടായ സാഹചര്യത്തിൽ ടിയാന്റെ ആശ്രിത നിയമനത്തിനായുള്ള അപേക്ഷ പരാമർശം (1)-ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നിരസിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ ശ്രീ.മുരളീകൃഷ്ണൻ ബഹു. ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ(സിവിൽ) നം. 31836/11(D) സമർപ്പിച്ചു. ആയതിലെ 16.12.2011-ലെ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയം പരിശോധിക്കുകയും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സമയപരിധി കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നതിനാൽ ടിയാളുടെ ആവശ്യം പരാമർശം (3)-ലെ സർക്കാർ ഉത്തരവു പ്രകാരം നിരസിക്കുകയും ചെയ്തു.

പരേതനായ, വെള്ളങ്കിരിയുടെ ഭാര്യയായ ശ്രീമതി നാഗലക്ഷ്മി വെള്ളങ്കിരി പൊൻമണി; സൂചന (4) പ്രകാരം തന്റെ ഇളയ മകനായ ശ്രീ. മുരളീകൃഷ്ണൻ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം; നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ചുള്ള ടിയാളുടെ അറിവില്ലായ്മ മൂലം സംഭവിച്ചതാകയാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് മന:പൂർവ്വമല്ലാത്ത കാലതാമസം മാപ്പാക്കണമെന്ന് അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കൊച്ചി കോർപ്പറേഷനിൽ കണ്ടിജന്റ് വർക്കർ ആയിരിക്കവേ 19.5.2005-ൽ മരണമടഞ്ഞ ശ്രീ. വെള്ളങ്കിരി പളനിയുടെ മകനായി ശ്രീ. മുരളീകൃഷ്ണൻ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 2 വർഷം 9 മാസത്തെ കാലതാമസം ഒരു പ്രത്യേക കേസായി പരിഗണിച്ച് മാപ്പാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ഡോ.രാജൻ ഖോബ്രഗഡേ,**
**സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.മുരളീകൃഷ്ണൻ, C/o ശ്രീമതി. നാഗലക്ഷ്മി വെള്ളിങ്കിരി, പൊൻമണി,
387 എ (1/158), വാഴപ്പിള്ളികര, മൂവാറ്റുപുഴ മുനിസിപ്പാലിറ്റി.
ജില്ലാ കളക്ടർ, എറണാകുളം.
പൊതുഭരണ സർവ്വീസസ് (എസ്.സി) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**